ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കമ്മിറ്റിയുടെ വിവിധ ശുപാർശകൾ സർക്കാർ പരിശോധിച്ച് വരുന്നു.

(സി) പ്രതിസന്ധിയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പരിഹരിക്കപ്പെടേണ്ടതായ ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കെ.ബി.പി.എസ്സിൽ കെ.എസ്.ആർ. നടപ്പിലാക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ജീവനക്കാർ രണ്ട് മാസത്തോളം വിവിധ സമരപരിപാടികളിൽ ഏർപ്പെട്ടിരുന്നു. ഇത് അച്ചടിയെ ബാധിച്ചിരുന്നു. എന്നാൽ അച്ചടി വകുപ്പിന്റെ കൂടി ചുമതലയുള്ള ഫിഷറീസ് സാംസ്കാരിക വകുപ്പുമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിലും മറ്റും ജീവനക്കാരുടെ പ്രതിനിധികളുമായി നടന്ന ചർച്ചകളുടെ ഫലമായി ജീവനക്കാർ സമരത്തിൽ നിന്നും പിന്മാറി. ജീവനക്കാരുടെ വേതന പരിഷ്കരണം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തു നിർദ്ദേശം സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ആ കമ്മിറ്റി ജീവനക്കാരുമായി ചർച്ചചെയ്തു വരികയുമാണ്. കെ.ബി.പി.എസ്സിലെ വേസ്റ്റ് പേപ്പർ വിറ്റുവരവ്, അച്ചടിക്കൂലി പുതുക്കൽ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച നടപടികളും ത്വരിതപ്പെടുത്തിയിട്ടുണ്ട്.

**കലാതിലകപ്പട്ടം കൊടുത്തത് സംബന്ധിച്ച പരാതി**

**19 (*409)** ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കലാതിലകപ്പട്ടം കൊടുത്തത് സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കലാതിലകപ്പട്ടം കൊടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) പ്രസ്തുത മാനദണ്ഡങ്ങൾ ലംഘിച്ചാണ് ഈ വർഷത്തെ കലാതിലകപ്പട്ടം കൊടുത്തതെങ്കിൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. വ്യക്തിഗത നൃത്ത/നൃത്തേതര ഇനങ്ങളിൽ ഏതെങ്കിലും ഒരു ഇനത്തിലെങ്കിലും 'എ' ഗ്രേഡോടുകൂടിയ ഒന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കണം. ഒന്നാംസ്ഥാനക്കാരില്ലെങ്കിൽ രണ്ട്, മൂന്ന് സ്ഥാനം കിട്ടിയവരെക്കൂടി പരിഗണിക്കാവുന്നതാണ്.

2. ഗ്രേഡിനും സ്ഥാനത്തിനും ലഭിച്ച ആകെ പോയിന്റുകളുടെ എണ്ണം.

3. മൊത്തം 20 പോയിന്റെങ്കിലും ലഭിച്ചിരിക്കണം.

4. രണ്ട് കുട്ടികൾക്ക് തുല്യപോയിന്റ് ലഭിച്ചാൽ ഗ്രൂപ്പിനങ്ങളിലുള്ള പോയിന്റുകളുടെ അടിസ്ഥാനത്തിൽ കലാപ്രതിഭ/കലാതിലകത്തിന് അർഹരായവരെ തെരഞ്ഞെടുക്കാവുന്നതാണ്.

5. ഗ്രൂപ്പ് ഇനങ്ങൾകൂടി പരിഗണിച്ചതിനുശേഷം തുല്യത വന്നാൽ അവർക്ക് ലഭിച്ച ആകെ മാർക്കുകളുടെ ഗ്രൂപ്പ് ഒഴിച്ചുള്ള ശരാശരി പരിഗണിച്ച് അവാർഡിന് അർഹത നിശ്ചയിക്കുന്നു.

(ഡി) യുവജനോത്സവ മാന്വലിൽ സൂചിപ്പിച്ച എല്ലാ മാനദണ്ഡങ്ങളും പരിഗണിച്ചാണ് ഈ വർഷത്തെ കലാതിലകപ്പട്ടം കൊടുത്തിട്ടുള്ളത്.

**ഡി.പി.ഇ.പി. വിദ്യാഭ്യാസ പദ്ധതി**

20 (*410) ശ്രീ. കെ. എ. ചന്ദ്രൻ :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡി.പി.ഇ.പി. വിദ്യാഭ്യാസപദ്ധതി ഏതെല്ലാം ജില്ലകളിലാണ് ഉള്ളത് ;

(ബി) ഏതെല്ലാം ക്ലാസ്സുകളിലാണ് ഈ സ്കീമിലുള്ള വിദ്യാഭ്യാസം നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ വിദ്യാലയങ്ങളിലും ഈ രീതി ഏർപ്പെടുത്തിയിട്ടുണ്ടോ ? ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) ഈ വിദ്യാഭ്യാസരീതി ഏർപ്പെടുത്തിയതു മൂലമുള്ള ഗുണങ്ങളെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) വിലയിരുത്തിയിട്ടില്ലെങ്കിൽ ഇത് പരാജയമാണെന്ന ആക്ഷേപത്തെപ്പറ്റി പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(എഫ്) എല്ലാ വിഷയങ്ങളും ഡി.പി.ഇ.പി. മാതൃകയിൽ പഠിക്കാൻ കഴിയുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :



LIBRARY ARCHIVES Kerala Legislative Assembly